Draft #14 of File C1/37795/23/DTE Approved by Senior Joint Director (PS) on 29-Feb-2024 04:42 PM - Page 1

**<u>മേലെഴുത്ത് നം.C1/37795/23/ഡി.ടി.ഇ29.02.2024</u>**

2024 മാർച്ചിൽ നടത്തുന്ന THSLC പരീക്ഷയുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് എക്സാമിനർ / അസിസ്റ്റൻറ് എക്സാമിനർ മാരെ നിയമിക്കുന്നത് സംബന്ധിച്ച് സ്ഥാപന മേധാവികൾ പാലിക്കേണ്ട നിബന്ധനകൾ പരീക്ഷാ ഭവനിൽ നിന്നും ലഭ്യമായിരിക്കുന്നത് അടിയന്തിര നടപടിക്കായി ഔദ്യോഗിക വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിക്കുന്നു. ടി വിവരങ്ങൾ iExaMS ൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ എൻട്രി വരുത്തേണ്ട അവസാന തീയതി **01/03/2024** ആണ്.

ഡോ. രാമചന്ദ്രൻ എം

സീനിയർ ജോയിൻറ് ഡയറക്ടർ

പകർപ്പ്: 1) ജോയിൻറ് ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് & റിസർച്ച്,
കളമശ്ശേരി
2) എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ മേധാവികൾക്കും

**Approval Valid**

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 29.02.2024
Reason: Approved

The document is digitally approved. Hence signature is not needed.

Draft #14 of File C1/37795/23/DTE Approved by Senior Joint Director (PS) on 29-Feb-2024 04:42 PM - Page 2

# <u>വളരെ അടിയന്തിരം –സമയബന്ധിതം</u>

**നം.ഇ.എക്സ്/എ(6)/2000/2024/സി.ജി.ഇ**

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം
തീയതി: 27/02/2024.

പ്രേഷകൻ

**ജോയിൻ കമ്മീഷണർ,**
**പരീക്ഷാഭവൻ.**

സ്വീകർത്താവ്

എല്ലാ ടെക്നിക്കൽ ഹൈസ്ക്കൂൾ സൂപ്രണ്ട്/പ്രഥമാദ്ധ്യാപകർക്കും
(സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

സർ,

വിഷയം:- 2024 മാർച്ചിൽ നടക്കുന്ന ടി.എച്ച്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയത്തിന് ക്യാമ്പുകളിൽ ചീഫ് എക്സാമിനർമാരായും,അസിസ്റ്റന്റ് എക്സാമിനർമാരായും നിയമിക്കുന്നത് - സംബന്ധിച്ച്.

സൂചന:- നം.ഇ.എക്സ്/എ6/**2000**/2024/സിജിഇ. തീയതി 20/02/2024 പ്രകാരമുള്ള സർക്കുലർ.

********

മേൽ സൂചന പ്രകാരം 2024 മാർച്ചിലെ ടി.എച്ച്..എസ്.എൽ.സി. മൂല്യനിർണ്ണയത്തിനായി അഡീഷണൽ ചീഫ് എക്സാമിനർമാരായും, അസിസ്റ്റന്റ് എക്സാമിനർമാരായും തെരഞ്ഞെടുക്കപ്പെടുവാൻ എല്ലാ സർക്കാർ ടെക്നിക്കൽ ഹൈസ്ക്കൂളുകളിലെയും അദ്ധ്യാപകരിൽ നിന്നും അപേക്ഷ സമർപ്പിക്കുന്നതിന് സൂപ്രണ്ട്/പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിരുന്നു. എല്ലാ പ്രഥമാദ്ധ്യാപകർ/ സൂപ്രണ്ട്മാരോടും തങ്ങളുടെ വിദ്യാലയത്തിലെ യോഗ്യരായ മുഴുവൻ അദ്ധ്യാപകരിൽ നിന്നും മൂല്യനിർണ്ണയത്തിനുള്ള അപേക്ഷ സ്വീകരിക്കുവാനും iExaMS-ൽ പ്രഥമാദ്ധ്യാപകൻ Confirmation നൽകുന്നതിന് മുമ്പായി എല്ലാവരുടേയും അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുവാനും നിർദ്ദേശിക്കുന്നു. **സൂപ്രണ്ട്/പ്രഥമാദ്ധ്യാപകരുടെ ഭാഗത്ത് നിന്നും ഈ വിഷയത്തിൽ വീഴ്ച ഉണ്ടായാൽ കർശനമായ വകുപ്പുതല നടപടികൾ അവർക്കെതിരെ സ്വീകരിക്കുന്നതായിരിക്കും എന്ന് അറിയിക്കുന്നു.**

***<u>അഡീഷണൽ ചീഫ് എക്സാമിനർമാരായും, അസിസ്റ്റന്റ് എക്സാമിനർമാരായും അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 01/03/2024 വരെ മാത്രം ആയിരിക്കും.</u>***

വിശ്വസ്തതയോടെ,

**ജോയിൻ കമ്മീഷണർ**

പകർപ്പ്:-

1) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ.
2) ജോയിന്റ് ഡയറക്ടർ, SITTTR, കളമശ്ശേരി.